**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1059** **18-09-2025 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ വന്യമൃഗാക്രമണം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ആര്യാടൻ ഷൗക്കത്ത് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ വന്യജീവി ആക്രമണത്താൽ മരണപ്പെട്ടവർ, പരിക്കേറ്റവർ എത്രയാണെന്ന് അറിയിക്കുമോ; ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ 2016 മുതൽ 13/09/2025 വരെയുള്ള കാലയളവിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ 13 പേർ മരണപ്പെട്ടു-കയും 93 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം (1) ആയി ചേർക്കുന്നു.<br><br>ഈ കാലയളവിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഒമ്പതു പേർ വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് മരണപ്പെട്ടിട്ടുള്ളതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കിഫ്ബി, രാഷ്ട്രീയ കൃഷി വികാസ് യോജന, എം.ആർ.എം.എ.സി എന്നിവയിലും മറ്റു പദ്ധതികളിലുമായി നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് വനം ഡിവിഷനുകളിൽ ജനവാസമേഖലയോട് ചേർന്നുള്ള വനാതിർത്തിയിൽ എത്ര കിലോമീറ്റർ സൗരോർജ വേലി സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; പ്രസ്തുത മേഖലയിൽ സൗരോർജ വേലി സ്ഥാപിക്കാൻ ഇനി എത്ര കിലോമീറ്ററാണ് ബാക്കിയുള്ളതെന്ന് അറിയിക്കുമോ; | (ബി) | ജനവാസമേഖലയോട് ചേർന്നുള്ള വനാതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ വേലിയുടെ വിവരങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു. |
| (സി) | ജനവാസ മേഖലയോടുചേർന്ന വനാതിർത്തിയിൽ അടിക്കാടുകൾ വെട്ടാത്തതിനെ തുടർന്ന് ആനയടക്കമുള്ള വന്യമൃഗങ്ങളുടെ സാമീപ്യം തിരിച്ചറിയാനാകാതെ ജനങ്ങൾ അപകടത്തിൽപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അടിക്കാടുകൾ വെട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അടിക്കാടുകൾ വെട്ടുന്നതിനായി വനം വകുപ്പ് ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (സി) | ജനവാസമേഖലയോട് ചേർന്നു വരുന്ന വനാതിർ-ത്തികളിലും വനത്തിലൂടെ കടന്നു പോകുന്ന പാതയോരങ്ങളിലും വനം വകുപ്പ് സമയാസമയം വിസ്റ്റാ ക്ലിയറൻസ് നടത്തിവരുന്നുണ്ട്. എന്നാൽ വനമേഖലയോട് ചേർന്നുള്ളതും വനം വകുപ്പിന്റെ അധികാര പരിധിയിൽ പെടാത്തതുമായ പുറമ്പോക്ക് ഭൂമി, തോട്ടങ്ങൾ ഉൾപ്പെടെയുള്ള സ്വകാര്യഭൂമി തുടങ്ങിയയിടങ്ങളിൽ കൃത്യമായ പരിപാലനം ഇല്ലാത്തതുകൊണ്ട് കുറ്റിക്കാടുകൾ വളർന്ന് ആനയുൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് തീറ്റയും ഒളിത്താവളവും ലഭ്യമാകുന്നതും, അത്തരം സ്ഥലങ്ങ- |

| | | | |
|---|---|---|---|
| | | | ളിൽ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തിരിച്ചറിയാതെ ആളുകൾ അപകടത്തിൽപ്പെടുന്നതുമായ സംഭവ-ങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത്തരം സാഹച-ര്യങ്ങൾ ഒഴിവാക്കുന്നതിനായി സ്വകാര്യ തോട്ടങ്ങളിൽ സമയാസമയം കുറ്റിക്കാടുകൾ വെട്ടിത്തെളിക്കുന്നതി-നുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ ഭരണകൂടം വഴി നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇത്തരത്തിൽ കാടുവെട്ടിത്തെളിക്കാൻ വൈമുഖ്യം പ്രകടിപ്പിക്കുന്ന തോട്ടങ്ങളിൽ തോട്ടമുടമയുടെ ചെലവിൽ തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി കാടു വെട്ടിത്തെളിക്കുന്ന-തിനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട്. പുറമ്പോക്കു ഭൂമിയും മറ്റു പാതയോരങ്ങളിലുമുള്ള കുറ്റിക്കാടുകൾ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ മുതലായവയിലൂടെ പഞ്ചായത്തുകളുടെ തനത് ഫണ്ട് ഉപയോഗിച്ച് വെട്ടിത്തെളിച്ച് വിസ്ത ക്ലിയറൻസ് ഒരുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ഡി) | കടുവ, പുലി എന്നിവയുടെ ആക്രമണം തുടർച്ചയായി നേരിടുന്ന നിലമ്പൂർ മേഖലയിൽ ഇവയെ കണ്ടെത്തി പിടികൂടാനാവശ്യമായ ക്യാമറകളും കൂടുകളും സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | കടുവ, പുലി എന്നിവയുടെ സാന്നിദ്ധ്യം കണ്ടെത്തിയാൽ NTCA യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നിരീക്ഷണ സംവിധാനങ്ങളും തുടർ നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം (1)</u>

| ക്രമ നം. | പഞ്ചായത്ത് | മരണം | പരിക്ക് |
|---|---|---|---|
| 1 | അമരമ്പലം | 0 | 30 |
| 2 | എടക്കര | 0 | 0 |
| 3 | കരുളായി | 5 | 17 |
| 4 | ചുങ്കത്തറ | 0 | 6 |
| 5 | നിലമ്പൂർ | 1 | 9 |
| 6 | പോത്തുകൽ | 4 | 9 |
| 7 | മൂത്തേടം | 1 | 11 |
| 8 | വഴിക്കടവ് | 2 | 11 |
| | **ആകെ** | **13** | **93** |

## അനുബന്ധം (2)

| ജനവാസമേഖലയോട് ചേർന്നുള്ള വനാതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ വേലിയുടെ വിവരങ്ങൾ | | |
|---|---|---|
| **ഡിവിഷൻ** | **നിലവിലുള്ള സൗരോർജ്ജ വേലിയുടെ നീളം (കി.മീ)** | **സ്ഥാപിക്കാൻ ബാക്കിയുള്ള സൗരോർജ്ജ വേലിയുടെ നീളം (കി.മീ)** |
| നിലമ്പൂർ നോർത്ത് ഡിവിഷൻ | 131.55 | 116.50 |
| നിലമ്പൂർ സൗത്ത് ഡിവിഷൻ | 51.392 | 22.00 |